**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4765 22.03.2018-ലെ മറുപടിയ്ക്ക്

**സർക്കാർ സർവീസിലേക്ക് കായികതാരങ്ങളുടെ തെരഞ്ഞെടുപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഇ. പി. ജയരാജൻ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന സർക്കാർ സർവീസിലേക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിന് അവസാനമായി അപേക്ഷ സ്വീകരിച്ചതെപ്പോഴാണെന്ന് വെളിപ്പെടുത്താമോ ; | (എ) | മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് 07.12.2015-ലെ 14652/എസ്.ഡി1/2012/പൊ.ഭ.വ നമ്പർ വിജ്ഞാപനപ്രകാരം ഓൺലൈൻ ആയി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ മേൽ വിജ്ഞാപന പ്രകാരം ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്ന മൗണ്ടനീയറിംഗ്, കളരിപ്പയറ്റ് എന്നീ കായിക ഇനങ്ങളിലെ ഉദ്യോഗാർത്ഥികളിൽ നിന്നും 25.10.2017-ലെ വിജ്ഞാപന പ്രകാരം 'മാന്വൽ' ആയും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) | അതു പ്രകാരം എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയെന്നും എപ്പോഴാണ് നിയമനം നൽകിയ തെന്നും വ്യക്തമാക്കുമോ;? | (ബി) & (സി) | 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിക്കുന്നു. അവ പൂർത്തിയാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |
| (സി) | ഏത് കാലഘട്ടം വരെയുള്ള ഒഴിവുകളിലേക്കാണ് നിയമനം നൽകിയത്; വിശദമാക്കാമോ; | | |
| (ഡി) | അതിനുശേഷം 2017 ഡിസംബർ വരെയുള്ള കാലഘട്ടത്തിലെ ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | 2015-17 കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നതിനുള്ള കരട് വിജ്ഞാപനം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**